**സബ്മിഷൻ**

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ, നോട്ടീസ് നൽകിയിരുന്ന മറ്റംഗങ്ങളായ സർവ്വശ്രീ. വി. ചെന്താമരാക്ഷൻ, മോൻസ് ജോസഫ്, ഇ. കെ. വിജയൻ, കെ. വി. അബ്ദുൾ ഖാദർ, പി. സി. ജോർജ് എന്നിവർ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്തുത സബ്മിഷനുകൾ അവതരിപ്പിച്ചില്ല)

പെൻഷൻ അനുവദിക്കൽ

ശ്രീ. കെ. മുരളീധരൻ: സർ, 1962 മുതൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇലക്ഷൻ നടന്നുവരികയാണ്. ഈ കാലയളവിൽ ആയിരക്കണക്കിന് നിസ്വാർത്ഥരായ രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരായും, അംഗങ്ങളായും ദീർഘകാലം സേവനമനുഷ്ഠിച്ച് വിരമിച്ചിട്ടുണ്ട്. ഇപ്രകാരം വിരമിച്ച പലരും ഇന്ന് ദാരിദ്ര്യത്തിന്റെയും അവഗണനയുടെയും ദുരവസ്ഥയിലാണ്. നല്ലകാലം മുഴുവൻ ജനസേവനത്തിനായി ഉഴിഞ്ഞുവച്ചതിനാൽ ഭൂരിപക്ഷം ആളുകളും അവശരും രോഗികളുമായി മാറിക്കഴിഞ്ഞു. ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭ എന്നിവയിലെ മുൻ അംഗങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കേണ്ടത് ജനാധിപത്യ കേരളത്തിന്റെ ചുമതലയാണ്.

യു.ഡി.എഫ്. ഗവൺമെന്റ് ഇവർക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കുകയും ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തുകയും ചെയ്തത് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ഇൻഷ്വറൻസ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രീമിയം തുക സംസ്ഥാനതലത്തിൽ മൊത്തമായി ഇൻഷ്വറൻസ് കമ്പനിക്ക് ഒടുക്കുന്ന കാര്യം സർക്കാർ സഗൗരവം പരിഗണിക്കണം. ഇവർക്ക് പെൻഷൻ അനുവദിക്കുക എന്നതാണ് ഇപ്പോൾ ചെയ്യേണ്ടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, ആയിരക്കണക്കിന് മുൻ പഞ്ചായത്ത് അംഗങ്ങൾ, കോർപ്പറേഷൻ/മുനിസിപ്പൽ മുൻ കൗൺസിലർമാർ എന്നിവർ അവരുടെ വാർദ്ധക്യാവസ്ഥയിൽ നിത്യവൃത്തിക്കുപോലും വകയില്ലാതെ കഷ്ടപ്പെടുകയാണ്. ഇവർ നാടിന് നൽകിയ മഹത് സേവനം പ്രത്യേകം കണക്കിലെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ന്യായമായ പ്രതിമാസ പെൻഷൻ അടിയന്തരമായി അനുവദിച്ചുനൽകണമെന്ന് ഞാൻ ഈ സഭയോട് അഭ്യർത്ഥിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (ഡോ.എം.കെ.മുനീർ): സർ, നാടിനുവേണ്ടി വളരെയധികം ത്യാഗം സഹിച്ച് പൊതുരംഗത്ത് പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പല പ്രതിനിധികളും വാർദ്ധക്യകാലത്ത്

പലവിധ രോഗങ്ങൾ ബാധിച്ച് മരുന്നുവാങ്ങാൻപോലും സാമ്പത്തികശേഷിയില്ലാതെ കഷ്ടപ്പെടുന്നതിനാൽ ഇവർക്ക് പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ കാര്യം പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പ്രതിമാസം 500 രൂപയെങ്കിലും പെൻഷൻ അനുവദിക്കുന്നതിന് പ്രതിവർഷം ഏഴ് ലക്ഷത്തി എൺപത്തിയെണ്ണായിരം രൂപ വേണ്ടിവരും. വിഭവ ലഭ്യതയുടെ പരിമിതി കാരണം ഇത്രയും വലിയൊരു തുക കണ്ടെത്താൻ സർക്കാരിന് കഴിയില്ല. പഞ്ചായത്തുകളുടെ തനതു ഫണ്ടിൽനിന്നും ഈ ചെലവ് വഹിക്കണമെന്നുള്ള നിർദ്ദേശമാണ് വന്നിട്ടുള്ളത്. ഈ നിർദ്ദേശം ഇപ്പോൾ ക്യാബിനറ്റിന്റെ മുന്നിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഈ അവസരത്തിൽ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെ ഇൻഷ്വറൻസിന്റെ പ്രീമിയം തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമായിട്ടുണ്ട്. അത് ഉടനെ ലഭ്യമാക്കി ഇൻഷ്വറൻസ് കമ്പനികളിലേയ്ക്ക് അടയ്ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം

നൽകുന്നതാണെന്ന് അറിയിക്കുന്നു.

## ഡോക്ടർമാരുടെ സേവനം ഉച്ചയ്ക്കുശേഷവും ഉറപ്പാക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കേരളമാകമാനം പനി ബാധിച്ച് ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന കണക്കുകളാണ് കഴിഞ്ഞ ആഴ്ചവരെ ലഭിച്ചിട്ടുള്ളത്. നമ്മുടെ താലൂക്കാശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഉച്ചയ്ക്ക് ശേഷമെത്തുന്ന അവശരായ രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ഫലപ്രദമായി ലഭിക്കുന്നില്ല. പലപ്പോഴും ഇത് സംഘർഷത്തിന് കാരണമാകുന്നു. ആശുപത്രികളിൽ ഈ സമയത്ത് കാൾഡ്യൂട്ടി ഡോക്ടർമാരെ നിശ്ചയിക്കാറുണ്ടെങ്കിലും കിടപ്പുരോഗികളെ മാത്രമെ ഇവർ പരിശോധിക്കാറുള്ളൂ. ധാരാളം പരാതികൾ ഇതുസംബന്ധിച്ച് ഉണ്ടാകാറുണ്ട്. എച്ച്.എം.സി. മീറ്റിംഗുകളിൽ ഇതുസംബന്ധിച്ച് വളരെ സജീവമായി ചർച്ച ചെയ്യാറുണ്ടെങ്കിലും ഇതുവരേയും തീരുമാനമുണ്ടായിട്ടില്ല. ജനപ്രതിനിധികൾ ഇതു സംബന്ധിച്ച് ധാരാളം പരാതികൾ കേൾക്കേണ്ടതായിവരുന്നു. എന്റെ മണ്ഡലത്തിൽ താമരശ്ശേരി താലൂക്കാശുപത്രിയും നരിക്കുനി, കൊടുവള്ളി സി.എച്ച്.സി-കളുമുണ്ട്. ഇവിടെയൊന്നും കാഷ്വലിറ്റി സൗകര്യമില്ല. എൻ.ആർ.എച്ച്.എം.-ഡോക്ടർമാരെ വച്ച് താമരശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വൽറ്റി സൗകര്യം

തുടങ്ങിയിരുന്നുവെങ്കിലും ഈ ഡോക്ടർമാർ ഹയർസ്റ്റഡിയ്ക്ക് പോയതുകാരണം തുടർന്ന് പ്രവർത്തിച്ചില്ല. ഉച്ച കഴിഞ്ഞ് ഡോക്ടർമാരുടെ സേവനം എല്ലാപേർക്കും ലഭ്യമാകുന്ന വിധം നിലവിലുള്ള ഡോക്ടർമാരെ ഉപയോഗപ്പെടുത്തി സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. നിലവിലുള്ള ഡോക്ടർമാരിൽ നിന്നും ഒരാളെ ഉച്ചയ്ക്ക് ശേഷം ഡ്യൂട്ടിയെടുക്കാൻ നിർദ്ദേശം നൽകുകയും ഇത്തരം ഡോക്ടർമാരെ പകൽ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുകയും വേണം. ഈ സബ്മിഷൻ പരിഗണിച്ചുകൊണ്ട് ഇതിനൊരു ക്രമീകരണമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, നിലവിൽ താലൂക്കാശുപത്രിമുതലാണ് കാഷ്വാലിറ്റി സൗകര്യം അനുവദിച്ചിട്ടുള്ളത്. എന്നാൽ എല്ലാ താലൂക്കാശുപത്രികളിലും ഈ സൗകര്യം നിലവിലില്ല. 2013-2014 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 31 താലൂക്കാശുപത്രകളിൽ കാഷ്വാലിറ്റി സൗകര്യം ഒരുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാലും ഈ 31 താലൂക്കാശുപത്രികളിലും കാഷ്വാലിറ്റി സൗകര്യം ഏർപ്പാടാക്കുന്നതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിച്ചുവരുകയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കാഷ്വാലിറ്റി വിഭാഗം അനുവദിച്ചിട്ടില്ല. ആയതിനാൽ ഉച്ചയ്ക്കുശേഷം ഒ.പി.വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ കഴിയുകയില്ല. എന്നാൽ പകർച്ചപ്പനി മുതലായ അടിയന്തര സേവനം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഉച്ചയ്ക്കുശേഷവും ഒ.പി.യിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തിവരുന്നുണ്ട്. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ഐ.പി. വിഭാഗത്തിൽ മാത്രമെ ലഭ്യമാക്കുവാൻ നിലവിൽ വ്യവസ്ഥയുള്ളൂ. ഓൺകാൾ ഡ്യൂട്ടി അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനം നിലവിൽ നൽകി വരുന്നുണ്ട്. മഴക്കാലമായതോടെ പല ജില്ലകളിലും വിവിധതരം പനികളും പകർച്ച വ്യാധികളും റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. (ബഹളം)...... രോഗികൾക്ക് സേവനം നൽകുവാനായി ഓഫീസ് സമയം ദീർഘിപ്പിക്കുവാനും ആവശ്യമായുള്ള സ്ഥലങ്ങളിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി, ഈവനിംഗ് ഒ.പി, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി

ശ്രീ. ഹൈബി ഈഡൻ: സർ, ഈ ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങളിൽ

ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്ന കൊച്ചി കേന്ദ്രീകരിച്ച് ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്യാൻസർ സെന്ററും റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അനുവദിക്കുമെന്നുള്ളത്. കളമശ്ശേരിയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രെമെസസ്സിൽ തന്നെ 35 ഏക്കർ സ്ഥലം നൽകി ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രി 2014 ഓഗസ്റ്റ് 18-ാം തീയതി അതിന്റെ തറക്കല്ലിടൽ ചടങ്ങ് നടത്തിയതാണ്. ഡോക്ടർ ഗംഗാധരനെ ഇതിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ഹോസ്പിറ്റൽ സർവീസസ് കൺസൾട്ടൻസി കോർപ്പറേഷൻ തയ്യാറാക്കിയ രൂപ രേഖയനുസരിച്ച് നിർമ്മാണം തുടങ്ങാനിരിക്കുകയായിരുന്നു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷനാണ് ഇതിലിപ്പോൾ തടസ്സമായി പറയപ്പെടുന്നത്. ജസ്റ്റിസ്. വി.ആർ. കൃഷ്ണയ്യർ അടക്കമുള്ള ആളുകൾ വളരെ ശക്തമായ സമരം ഇതിനുവേണ്ടി നടത്തിയിരുന്നു. ഇത് കൊച്ചി മാത്രമല്ല, മദ്ധ്യമേഖല കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടാണ്. പണമാണ് ഇതിനൊരു പ്രശ്നമായി വരുന്നത്. ഇതിന് ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് ലോൺ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിന് അന്യൂറ്റി സ്കീം പറഞ്ഞ് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് യാതൊരു കാരണവും കൂടാതെ നിഷേധിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പെറ്റ് പ്രോജക്ടായി പറഞ്ഞ ഈ പദ്ധതി

കൊച്ചിയ്ക്ക് വേണ്ടി അനുവദിക്കണം. അതിനായി ഒരു പ്രത്യേക യോഗംവിളിച്ച് കൂട്ടണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, ഈ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് അന്യൂറ്റി മോഡലിൽ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. അന്യൂറ്റി മോഡലിനുവേണ്ടി ധനകാര്യ വകുപ്പിൽ പോയപ്പോൾ തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ എന്നിവയുടെ ഡി.പി.ആർ-മായി താരതമ്യ പഠനം നടത്തണമെന്നാണ് ഇപ്പോൾ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽതന്നെ ധനകാര്യ വകുപ്പ് സെക്രട്ടറിയുൾപ്പെടെയുള്ളവരുടെ ഒരു യോഗം വിളിച്ച് ചേർക്കുന്നതാണ്. എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഔദ്യോഗികമായി ലോൺ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അവരുമായി ബന്ധപ്പെടുന്നതാണ്.